**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1612** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഗ്രീൻഫീൽഡ് ഹൈവേ നിർമ്മാണത്തോടനുബന്ധിച്ചുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രീൻഫീൽഡ് ഹൈവേ കടന്നു പോവുന്ന പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ സ്ഥലവും കെട്ടിടവും നഷ്ടപ്പെട്ടവർക്ക് നഷ്ട പരിഹാരം നൽകിയിട്ടുണ്ടോ; | (എ) | ഗ്രീൻഫീൽഡ് ഹൈവേ എൻ.എച്ച് 966 കടന്നു പോകുന്ന പാലക്കാട്, മലപ്പുറം ജില്ലകളിൽ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലയിൽ നിലവിൽ 177 പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഓരോ ജില്ലയിലും എത്ര പേർക്ക് നഷ്ട പരിഹാരം നൽകിയിട്ടുണ്ട്; | (ബി) | ഗ്രീൻഫീൽഡ് ഹൈവേ എൻ.എച്ച് 966 കടന്നു പോകുന്ന പാലക്കാട്, മലപ്പുറം ജില്ലകളിൽ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലയിൽ നിലവിൽ 177 പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |
| (സി) | നഷ്ട പരിഹാരം നൽകുന്നതിന് മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ; | (സി) | നഷ്ടപരിഹാരം നൽകുന്നതിന് മുൻഗണന നിശ്ചയിച്ചിട്ടില്ല. |
| (ഡി) | കെട്ടിടങ്ങളിൽ വ്യാപാരം നടത്തുന്നവരുടെ ഫർണീച്ചർ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഇല്ല. ഫർണിച്ചർ ഉൾപ്പെടെയുള്ള ജംഗമസ്വത്തുക്കൾക്ക് നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയില്ല.<br><br>എൽ.എ.ആർ.ആർ ആക്ട് 2013 സെക്ഷൻ 26, 27, 28, 29, 30 പ്രകാരമാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. ഭൂമിയുടെ കമ്പോളവില നിശ്ചയിക്കുന്ന രീതി എൽ.എ.ആർ.ആർ ആക്ട്, 2013 സെക്ഷൻ 26 പ്രകാരമാണ്.<br><br>ഈ കമ്പോളവിലയോടൊപ്പം നഗര പ്രദേശങ്ങളിൽ നിന്നുള്ള ദൂരത്തെ അടിസ്ഥാനമാക്കി 1 മുതൽ 2 വരെയുള്ള ഘടകം (factor) കൊണ്ട് ഗുണിച്ച് കിട്ടുന്ന തുകയും ഏറ്റെടുക്കുന്ന ഭൂമിയിൽ സ്ഥിതി ചെയ്യുന്ന എല്ലാ സ്ഥാവര വസ്തുക്കളുടെയും മറ്റ് ആസ്തികളുടെയും വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും മൂല്യം ഉൾപ്പെടെ ചേർത്ത് കിട്ടുന്ന തുകയും ആയതിന്റെ 100% ന തുല്യമായ തുക സോലേഷ്യം ആയും കൂട്ടി കിട്ടിയ തുക അവാർഡ് തുകയായി നിശ്ചയിക്കുന്നതും പ്രസ്തുത അവാർഡ് തുകയിൽ, 3(എ) വിജ്ഞാപനം |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിക്കുന്ന തീയതി മുതൽ അവാർഡ് പ്രഖ്യാപിക്കുന്ന തീയതി വരെ 12% പലിശയും നൽകുന്നു. കൂടാതെ RFCTLARR Act, 2013 ഷെഡ്യൂൾ (2) പ്രകാരം പുനരധിവാസത്തിന് അർഹതയുള്ള കച്ചവടക്കാർക്ക് പുനരധിവാസ ആനുകൂല്യം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ